LIBRARY ARCHIVES Kerala Legislative Assembly

വിദേശ വായ്പ

121 (2599) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എടുത്ത വിദേശ വായ്പകളുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(ബി) ഏതെല്ലാം പദ്ധതികൾക്കാണ് പ്രസ്തുത വായ്പകൾ എടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) പലിശ, പിഴപ്പലിശ ഇനത്തിൽ എത്ര രൂപ നൽകിയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) അനുബന്ധത്തിൽ കൊടുത്തിരിക്കുന്നു.*

(ബി) അട്ടപ്പാടി വേസ്റ്റ് ലാന്റ് കോംപ്രിഹെൻസീവ് പ്രോജക്ട്, കേരള വാട്ടർ സപ്ലൈ പ്രോജക്ട്, ടെക്നിക്കൽ എഞ്ചിനീയറിംഗ് എഡ്യൂക്കേഷൻ ക്വാളിറ്റി ഇംപ്രൂവ്മെന്റ് പ്രോഗ്രാം, കേരള റൂറൽ വാട്ടർ സപ്ലൈ പ്രോജക്ട്, സുനാമി എമർജൻസി അസിസ്റ്റൻഡ് പ്രോജക്ട്, നാഷണൽ ഹൈഡ്രോളജി പ്രോജക്ട്, കേരള സുസ്ഥിര നഗര വികസന പദ്ധതി തുടങ്ങിയ പദ്ധതികൾക്ക് വേണ്ടിയാണ് വായ്പകൾ എടുത്തിട്ടുള്ളത്.

(സി) കേന്ദ്ര സർക്കാർ മുഖേന ലഭിക്കുന്ന വിവിധ വായ്പകളുടെ പലിശ മൊത്തമായി ഒരു ഹെഡ് ഓഫ് അക്കൗണ്ട് മുഖേനയാണ് തിരിച്ചടവ് നടത്തുന്നത്. ആയതിനാൽ വിദേശ വായ്പകളുടെ പലിശയുടെ തിരിച്ചടവ് എത്രയെന്ന് വേർതിരിച്ച് രേഖപ്പെടുത്തുന്നില്ല. വായ്പകൾ യഥാസമയം അടയ്ക്കുന്നതിനാൽ പിഴപ്പലിശ ഉണ്ടാകുന്നില്ല.

എ. ഡി. ബി. വായ്പ

122 (2600) ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എ.ഡി.ബി. യിൽ നിന്നും എത്ര കോടി രൂപയുടെ വായ്പ എടുത്തു ;

(ബി) പ്രസ്തുത വായ്പ എന്തിനെല്ലാം വേണ്ടി ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ ;

(സി) വായ്പയുടെ തിരിച്ചടവ്, പലിശ തുടങ്ങിയവ സംബന്ധിച്ച വ്യവസ്ഥകൾ വിശദമാക്കുമോ ;

(ഡി) എടുത്ത തുകയിൽ എന്ത് തുക തിരിച്ചടച്ചുവെന്ന് വെളിപ്പെടുത്തുമോ ?

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എ.ഡി.ബി.യിൽ നിന്ന് TEAP ന് വേണ്ടി 152.96 കോടി രൂപയും, കെ.എസ്.യു.ഡി.പി.ക്ക് വേണ്ടി 184.93 കോടി രൂപയും വായ്പയായി എടുത്തിട്ടുണ്ട്.

(ബി) ഈ വായ്പ നഗരങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിന്, ശുദ്ധജല വിതരണം, സീവേജ് ആന്റ് സാനിട്ടേഷൻ സ്റ്റോം വാട്ടർ ഡ്രെയിനേജ്, ചെരമാലിന്യ നിർമ്മാർജ്ജനം, റോഡുകളുടെ നവീകരണം എന്നീ പദ്ധതികൾക്കായി വിനിയോഗിച്ചു.

(സി) മുൻകാലങ്ങളിൽ വിദേശ ഏജൻസികളിൽ നിന്നും വായ്പ, കേന്ദ്ര സർക്കാർവഴി ലഭിക്കുമ്പോൾ അത് 70% വായ്പ, 30% ഗ്രാന്റ് എന്ന അനുപാതത്തിലാണ് കേന്ദ്രസർക്കാർ നൽകുന്നത്. ടി വായ്പയ്ക്ക് 9% പലിശ നൽകണം. വായ്പ 'ബാക് ടു ബാക്ക്' രീതിയിൽ ലഭിക്കുമ്പോൾ വായ്പ നൽകുന്ന സ്ഥാപനം നിഷ്കർഷിക്കുന്ന വേരിയബിൾ റേറ്റിലാണ് പലിശ നൽകേണ്ടത്. മുതൽ, വായ്പ നൽകുന്ന സ്ഥാപനം നൽകുന്ന ഗ്രേസ് പീരീഡ് കഴിഞ്ഞ് അടച്ചാൽ മതിയാകും.

(ഡി) കേന്ദ്ര സർക്കാർ മുഖേന ലഭിക്കുന്ന വിവിധ വായ്പകളുടെ തിരിച്ചടവ് മൊത്തമായി ഒരു ഹെഡ് ഓഫ് അക്കൗണ്ട് മുഖേനയാണ് നടത്തുന്നത്. ആയതിനാൽ വിദേശ വായ്പകളുടെ തിരിച്ചടവ് എത്രയെന്ന് വേർതിരിച്ചറിയാൻ നിർവ്വാഹമില്ല.

സി-ഡിറ്റിലെ അഴിമതികൾ

123 (2601) ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സി-ഡിറ്റിലെ അഴിമതികൾ അന്വേഷണിക്കണമെന്നാവശ്യപ്പെട്ട് എം.എൽ.എ. ധനകാര്യ വകുപ്പ് മന്ത്രിക്ക് നൽകിയ 7004/എം.(എനിൻ) 10-വി.ഐ.പി. നമ്പർ അപേക്ഷ പ്രകാരം ധനകാര്യ പരിശോധന വിഭാഗം നടത്തിയ പരിശോധന സംബന്ധിച്ച വിവരവും സർക്കാരിനു സമർപ്പിച്ച റിപ്പോർട്ടിന്റെ പകർപ്പും ലഭ്യമാക്കുമോ ;

(ബി) സി-ഡിറ്റിൽ ധനകാര്യ പരിശോധന വിഭാഗം കണ്ടെത്തിയ ക്രമക്കേടുകളിൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ;

(സി) സി-ഡിറ്റിൽ ധനകാര്യ വിഭാഗത്തിന്റെ പരിശോധനയിൽ കണ്ടെത്തിയ ഗുരുതരമായ ക്രമക്കേടുകൾ സംബന്ധിച്ച് വിജിലൻസിനെക്കൊണ്ട് അന്വേഷിപ്പിക്കുമോയെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) സി-ഡിറ്റിലെ ക്രമക്കേടുകൾ അന്വേഷിക്കണമെന്നാവശ്യപ്പെട്ട് ലഭിച്ച പരാതിയിൻമേൽ ധനകാര്യ പരിശോധന വിഭാഗം 2010 ഡിസംബർ, 2011 ജനുവരി മാസങ്ങളിൽ പരിശോധന നടത്തുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ റിപ്പോർട്ട് തയ്യാറാക്കിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly